# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3153 28.01.2014 -ൽ മറുപടിക്ക്**

**നെന്മാറ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള**

**പദ്ധതികളുടെ നടത്തിപ്പ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |

എ) നെന്മാറ നിയോജക മണ്ഡലത്തിലെ 2012 -13 , 2013-14 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിപൊതുമരാമത്ത് വകുപ്പ് മുഖേനത്ത് നടത്തുന്ന ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) ഈ പ്രവൃത്തികളിൽ എത്ര എണ്ണം പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(സി ) ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ ഓരോന്നിന്റേയും നിലവിലെ സ്ഥിതിയും ചില പദ്ധതികൾ വൈകാനിടയായത് സംബന്ധിച്ച കാരണവും വിശദമാക്കുമോ;

എ, ബി & സി )

**കെട്ടിടവിഭാഗം**

എൽ.എ.സി - എഡിഎഫ് **2013-14** നെന്മാറ ഗവ. ഹയർ സെക്കന്ററി സ്കൂൾ, തിരുവാഴിയാട്, അയിലൂർ ടി പ്രവൃത്തിയ്ക്ക് 62 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

**നിരത്തുകളും പാലങ്ങളും**

**2012-13**

**1.** അറ്റാലക്കടവ് പാലം നിർമ്മാണത്തിന് ജി.ഒ(ആർ.റ്റി)നം.**2086/2012**/പി.ഡബ്ള്യ.ഡി തീയതി **13.12.2012** പ്രകാരം **474.90** ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു.

**2.** കാക്കയൂർ-പല്ലശ്ശന റോഡ് - **25** ലക്ഷം രൂപയ്ക്ക് ജി.ഒ (ആർ.റ്റി) നം.**32/2013/** പി.ഡബ്ള്യ.ഡി തീയതി **04.01.2013** പ്രകാരം ഭരണാനുമതി നൽകുകയും ടി പ്രവർത്തി പൂർത്തീകരിക്കുകയും ചെയ്തു.

**2013.14**

**1.** കൊളുകപാറ – സീതാർകുണ്ട് റോഡ് **150** ലക്ഷം രൂപയ്ക്ക് ജി.ഒ(ആർ.റ്റി) നം. **1078 / 2013**/പി.ഡബ്ള്യ.ഡി തീയതി **02.08.2013** പ്രകാരം നൽകിയ ഭരണാനുമതിക്ക് പകരം എം.എൽ.എ യുടെ നിർദ്ദേശ പ്രകാരം പയ്യാങ്കോട് - വീട്ടിൽക്കടവ് റോഡ് എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള

എസ്റ്റിമേറ്റ് പുതിക്കിയ **SOR** പ്രകാരം തയ്യാറാക്കി വരുന്നുണ്ട്.

2. നൊച്ചൂർ - മറിയൻ കോളേജ് -കൊട്ടുവായൂർ റോഡ് -100 ലക്ഷം രൂപയ്ക്ക് ജി.ഒ(ആർ.റ്റി) നം.1156/2013/ പി.ഡബ്ള്യൂ.ഡി തീയതി 30.08.2013 പ്രകാരം ഭരണാനുമതി നൽകി. പ്രവൃത്തി ടെണ്ടർ ക്ഷണിച്ച് കോൺട്രാക്ടർക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

3. നെല്ലിയാമ്പതിയിൽ നൂറടി പാലം നിർമ്മാണം ജി.ഒ(ആർ.റ്റി) നം.1408/2013/ പി.ഡബ്ള്യൂ.ഡി തീയതി 09.09.2013 പ്രകാരം 123 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

4. കാക്കയൂർ പൊന്നുമംഗലംവെമ്പലൂർ റോഡ് ജി.ഒ(ആർ.റ്റി) നം.1408/2013/ പി.ഡബ്ള്യൂ.ഡി തീയതി 28.10.2013 പ്രകാരം 37 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികനുമതിയും നൽകി 07.02.14 ന് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

5. എത്തനൂർ-മരുതിക്കാവ് റോഡ് ജി.ഒ (ആർ.റ്റി) നം.1408/2013/ പി.ഡബ്ള്യൂ.ഡി തീയതി 28.10.2013 പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി 23.01.14 ന് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

(ഡി) ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച് സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഡി)
ബാധകമല്ല .

സെക്ഷൻ ഓഫീസർ